2025 MARCH
24
MONDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# 2031ൽ 180 തേജസ് വിമാനങ്ങൾ ഇന്ത്യ നിർമ്മിക്കും



**ബെംഗളൂരു:** തേജസ് ലൈറ്റ് യുദ്ധ വിമാനത്തിന്റെ പുതിയ മോഡലായ എൽസിഎ തേജസ് എംകെ1എ യുടെ നിർമ്മാണം ഉടൻ ആരംഭിക്കും.. ഇതിന് ആവശ്യമായ പ്രധാന എഞ്ചിനായ ജിഇ404 അമേരിക്കയിലെ ജനറൽ ഇലക്ട്രിക് ഉടനെ വിതരണം ചെയ്യാമെന്ന് സമ്മതിച്ചതാണ് തേജസ് യുദ്ധവിമാനം നിർമ്മിയ്ക്കുന്ന ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സിനും ആ യുദ്ധവിമാനങ്ങൾ കാത്തിരിക്കുന്ന ഇന്ത്യൻ വ്യോമസേനയ്ക്കും ആശ്വാസമായത്.

കാലഹരണപ്പെട്ട പഴയ മിഗ് 21 യുദ്ധവിമാനങ്ങളെ മാറ്റിയാണ് പകരം ആധുനികമായ തേജസ് എൽസിഎ വ്യോമസേനയിൽ എത്തുന്നത്. ഇതിന്റെ പുതിയ മോഡലായ തേജസ് എൽസിഎ എംകെ1എ ആയിരിക്കും ഭാവിയിൽ യുദ്ധരംഗങ്ങളിൽ ഇന്ത്യ പ്രധാനമായും ഉപയോഗിക്കുക.

12 എഞ്ചിൻ ഈ വർഷം തന്നെ നൽകാമെന്ന് അമേരിക്കൻ കമ്പനിയായ ജനറൽ ഇലക്ട്രിക് സമ്മതിച്ചിട്ടുണ്ട്. ഇതിൽ ആദ്യ എഞ്ചിൻ മാർച്ചിൽ എത്തും. ഇതേ നിലയിൽ വിതരണം തുടങ്ങിയാൽ 203031 ആകുമ്പോഴേക്കും 180ഓളം തേജസ് എൽസിഎ എംകെ1എ വിമാനങ്ങൾ നിർമ്മിയ്ക്കാൻ സാധിക്കുമെന്ന് ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് ചെയർമാൻ ഡി.കെ. സുനിൽ അറിയിച്ചു.

ഇന്ത്യയുടെ വ്യോമസേനയ്ക്കും തേജസ് എൽസിഎയുടെ പോരായ്മ അനുഭവപ്പെടുന്നുണ്ട്. അമേരിക്കയിലെ ജിഇയിൽ നിന്നും തേജസിൽ ഉപയോഗിക്കുന്ന പ്രധാന എഞ്ചിനായ ജിഇ404 കരാറനുസരിച്ച് കിട്ടിയാൽ വർഷം തോറും 24 എൽസിഎ തേജസ് എംകെ1എ നിർമ്മിയ്ക്കാനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്.

ഇന്ത്യയിൽ നിർമ്മിക്കുന്ന ലഘു യുദ്ധ വിമാനമായ തേജസിന് വിദേശ രാജ്യങ്ങളിൽ നല്ല ഡിമാൻറുണ്ട്. വാങ്ങാൻ നിരവധി വിദേശരാജ്യങ്ങൾ ക്യൂവിലുണ്ട്. അർജൻറീന, ഈജിപ്ത്, നൈജീരിയ, ഫിലിപ്പൈൻസ്, ആസ്ത്രേല്യ, യുഎസ് എന്നീ രാജ്യങ്ങൾ എൽസിഎ തേജസ് ആവശ്യപ്പെട്ട് രംഗത്തുണ്ട്. ഇതുവരെയും ഇന്ത്യ തേജസ് ലഘുയുദ്ധവിമാനങ്ങളൊന്നും കയറ്റുമതി ചെയ്തിട്ടില്ല.സുഗമമായി അമേരിക്കയിൽ നിന്നും പ്രധാന എഞ്ചിൻ ലഭിച്ചുതുടങ്ങിയാൽ മാത്രമേ കയറ്റുമതിയും സുഗമമായി ചെയ്യാനാകൂ. അതിനാൽ ഇന്ത്യ കാത്തിരിക്കുകയാണ്. ഈ പ്രധാന എഞ്ചിൻ ഒഴികെയുള്ള ഭാഗങ്ങളെല്ലാം ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്കൽ ലിമിറ്റഡാണ് നിർമ്മിക്കുന്നത്.

പലതരത്തിലുള്ള കാര്യങ്ങൾ നിർവ്വഹിക്കാൻ ശേഷിയുള്ള ഏക എഞ്ചിനിൽ പ്രവർത്തിക്കുന്ന യുദ്ധവിമാനമാണ് എൽസിഎ തേജസ്. നല്ല ഭീഷണിയുള്ള വ്യോമപാതകളിൽ പറന്ന് ശത്രുവിനെ നിരീക്ഷിക്കൽ, ആക്രമിക്കൽ, വ്യോമപ്രതിരോധം തീർക്കൽ എന്ന ജോലികൾ നിർവ്വഹിക്കാൻ എൽസിഎ തേജസിന് സാധിക്കും. അതിന്റെ ഏറ്റവും പുതിയ മോഡൽ ആണ് എംകെ1എ. ഇപ്പോൾ തേജസിന് രണ്ട് മോഡലുകൾ ആണ് ഉള്ളത്. നേരത്തെ ഉള്ളതാണ് തേജസ് എംകെ1 അഥവാ തേജസ് മാർക് 1. ഈ വിഭാഗത്തിൽ പെട്ട 40 യുദ്ധവിമാനങ്ങൾ വ്യോമസേനയ്ക്കുണ്ട്. പുതിയ മോഡലാണ് തേജസ് എംകെ1എ അഥവാ തേജസ് മാർക്ക് 1എ.

# മണപ്പുറത്തിന്റെ 18 ശതമാനം ഓഹരികൾ അമേരിക്കൻ കമ്പനി വാങ്ങി; മണപ്പുറം ഓഹരി വില കുതിപ്പിൽ

**തൃശൂർ:** തൃശൂർ വലപ്പാട് ആസ്ഥാനമായ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായ മണപ്പുറം ഫിനാൻസിന്റെ ഉടമ വി.പി. നന്ദകുമാറിന് കിട്ടുക 4385 കോടി രൂപ. ഇത്രയും തുക നൽകിയാണ് അമേരിക്കയുടെ ധനകാര്യസ്ഥാപനമായ ബെയ്ൻ ക്യാപിറ്റൽ മണപ്പുറത്തിന്റെ 18 ശതമാനം ഓഹരികൾ സ്വന്തമാക്കുന്നത്. ഇതോടെ ബെയ്ൻ ക്യാപിറ്റൽ മണപ്പുറം ഫിനാൻസിന്റെ ബോർഡ് പ്രാതിനിധ്യമുള്ള സംയുക്ത പ്രൊമോട്ടറായി കണക്കാക്കുമെന്ന് എക്സ്ചേഞ്ച് ഫയലിങ്ങിൽ മണപ്പുറം ഫിനാൻസ് വ്യക്തമാക്കി. മണപ്പുറം ഡയറക്ടർ ബോർഡിൽ ഒരു അംഗത്തെ നിയമിക്കാനുള്ള അവകാശം ഈ ഓഹരികൈമാറ്റത്തിലൂടെ ബെയിനിന് ലഭിക്കും.

18 ശതമാനം ഓഹരികൾ വിൽക്കുന്നതോടെ മണപ്പുറം ഫിനാൻസിന്റെ പ്രമോട്ടർമാരായ വിപി നന്ദകുമാറിന്റെയും കുടുംബത്തിന്റെയും ഓഹരി പങ്കാളിത്തം 30 ശതമാനത്തിൽ താഴെയായി. അമേരിക്കൻ ധനകാര്യസ്ഥാപനമായ ബെയ്ൻ ക്യാപിറ്റൽ മണപ്പുറം ഫിനാൻസിന്റെ 18 ശതമാനം ഓഹരികൾ വാങ്ങിയതായി ഔദ്യോഗിക പ്രഖ്യാപനം കഴിഞ്ഞ ദിവസം പുറത്തുവന്നു. ഇതോടെ മണപ്പുറം ഫിനാൻസിന്റെ ഓഹരി വില വെള്ളിയാഴ്ച മാത്രം 7.7 ശതമാനമാണ് കുതിച്ചത്. ഏകദേശം 16 രൂപ 60 പൈസയോളം കയറി ഓഹരി വില 234 രൂപ 40 പൈസയായി.

ബെയിൻ ക്യാപിറ്റൽ മണപ്പുറത്തിന്റെ ഓഹരികൾ വാങ്ങും എന്ന അഭ്യൂഹം ഉയർന്നതോടെ മണപ്പുറം ഫിനാൻസിന്റെ ഓഹരിവില കുതിച്ചുതുടങ്ങിയിരുന്നു. കഴിഞ്ഞ അഞ്ച് ദിവസത്തിൽ 14 ശതമാനത്തോളമാണ് ഉയർന്നത്. ഏകദേശം 26 രൂപ 50 പൈസയോളമാണ് ഓഹരി വില കുതിച്ചത്.

രാജ്യത്തെ രണ്ടാമത്തെ വലിയ സ്വർണ്ണപ്പണയ കമ്പനിയായ മണപ്പുറം ഫിനാൻസിന് അന്താരാഷ്ട്ര വിപണിയിൽ സ്വർണ്ണവില കൂടിയതോടെ കൂടുതൽ തിളക്കം നേടിയിരിക്കുന്നു. ഇന്ത്യയിൽ മുഖ്യധാരാബാങ്കുകൾ കൈവെയ്ക്കാനിഷ്ടപ്പെടാത്ത സ്വർണ്ണപ്പണയ മേഖലയിലേക്ക് ആധികാരികമായി കടന്നുവന്ന് ആധിപത്യം ഉറപ്പിച്ചു എന്നതാണ് നന്ദകുമാറിന്റെ വിജയം.

ഓഹരി വാങ്ങലുമായി ബന്ധപ്പെട്ട് അമേരിക്കൻ കമ്പനി ബെയ്ൻ ക്യാപിറ്റലും മണപ്പുറം ഫിനാൻസും കരാർ ഒപ്പിട്ടുകഴിഞ്ഞു. കരാർ അനുസരിച്ച് മണപ്പുറം ഫിനാൻസിന്റെ 18 ശതമാനം ഓഹരികളാണ് ബെയിൻ ക്യാപിറ്റലിന് കൈമാറുക. ഇതുവഴി 4,385 കോടി രൂപയുടെ ഇടപാടാണ് നടക്കുക.

വൈകാതെ ഇപ്പോൾ സ്വന്തമാക്കുന്ന 18 ശതമാനം ഓഹരികൾക്ക് പുറമേ മറ്റൊരു 26 ശതമാനം ഓഹരികൾ കൂടി ബെയ്ൻ ക്യാപിറ്റൽ വാങ്ങുമെന്നറിയുന്നു. ഇത് ഓപ്പൺ ഓഫറിലൂടെയാണ് വാങ്ങുക.

# സ്പെഷൽ ഡ്രൈവിൽ ലഹരിയുമായി പിടിയിലായത് 232 പേർ



**തിരുവനന്തപുരം:** ഓപ്പറേഷൻ ഡി ഹണ്ടിൻറെ ഭാഗമായി ശനിയാഴ്ച സംസ്ഥാന വ്യാപകമായി പൊലീസ് നടത്തിയ സ്പെഷൽ ഡ്രൈവിൽ പിടിയിലായത് 232 പേർ. നിരോധിത ലഹരിമരുന്ന് കൈവശം വച്ചതിന് 227 കേസുകൾ റജിസ്റ്റർ ചെയ്തതായും അധികൃതർ അറിയിച്ചു. വിവിധ കേസുകളിലായി 0.0253 കിലോഗ്രാം എംഡിഎംഎ 7.315 കിലോഗ്രാം കഞ്ചാവ്, 159 കഞ്ചാവ് ബീഡി എന്നിവയും പൊലീസ് പിടിച്ചെടുത്തു.

പൊതുജനങ്ങളിൽനിന്നു മയക്കുമരുന്ന് സംബന്ധിച്ച വിവരങ്ങൾ സ്വീകരിച്ച് നടപടികൾ കൈക്കൊള്ളുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ആൻറി നർകോട്ടിക്ക് കൺട്രോൾ റൂം (9497927797) നിലവിലുണ്ടെന്നും ഈ നമ്പറിലേക്ക് ബന്ധപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുമെന്നും പൊലീസ് അറിയിച്ചു.

ലഹരിമരുന്നിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിൻറെ ഭാഗമായി ക്രമസമാധാന വിഭാഗം എഡിജിപിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സംസ്ഥാന തലത്തിൽ ആൻറി നർക്കോട്ടിക്സ് ഇൻറലിജൻസ് സെല്ലും എൻഡിപിഎസ് കോർഡിനേഷൻ സെല്ലും റേഞ്ച് അടിസ്ഥാനത്തിൽ ആൻറി നർക്കോട്ടിക്സ് ഇൻറലിജൻസ് സെല്ലും പ്രവർത്തിക്കുന്നുണ്ട്.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ക്ഷയരോഗത്തെ തുടച്ചു നീക്കാൻ ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ക്ഷയരോഗത്തെ തുടച്ചു നീക്കാൻ ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ക്ഷയരോഗ നിവാരണത്തിനായി വിവിധങ്ങളായ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. ഡിസംബർ 7 മുതൽ മാർച്ച് 17 വരെ സംഘടിപ്പിച്ച 100 ദിവസത്തെ ക്യാമ്പയിനിലൂടെ വലിയ പ്രവർത്തനങ്ങൾ നടത്താനായി. ഇതിലൂടെ പ്രിവന്റീവ് ടിബി എക്സാമിനേഷൻ നിരക്ക് വർഷത്തിൽ ഒരു ലക്ഷം ജനസംഖ്യയിൽ 1500ൽ നിന്ന് 2201 ആയി ഉയർത്താനായി. ഈ ക്യാമ്പയിനിലൂടെ സംസ്ഥാനത്ത് ക്ഷയരോഗ സാധ്യത കൂടിയ 81.6 ലക്ഷം വ്യക്തികളെ മാപ്പ് ചെയ്തു. മാർച്ച് ആദ്യ ആഴ്ചയോടെ അവരിൽ 75 ശതമാനത്തിലധികം പേരെ സ്ക്രീനിംഗിന് വിധേയരാക്കി. രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ച 1,98,101 പേർക്ക് വിശദ പരിശോധന നടത്തി. 5,588 ക്ഷയരോഗ ബാധിതരെ കണ്ടെത്തി തുടർ ചികിത്സ ഉറപ്പാക്കാനായതായും മന്ത്രി വ്യക്തമാക്കി.

അതെ! നമുക്ക് ക്ഷയരോഗത്തെ തുടച്ചു നീക്കാം: പ്രതിബദ്ധത, നിക്ഷേപം, വാതിൽപ്പടി സേവനം' എന്നതാണ് ഈ വർഷത്തെ ലോക ക്ഷയരോഗ ദിന സന്ദേശം. ആരോഗ്യ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, സ്റ്റേറ്റ് ടി ബി സെൽ, ജില്ലാ ടിബി സെന്റർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ലോക ക്ഷയരോഗ ദിനാചരണത്തിന്റേയും 100 ദിന കർമ്മ പരിപാടിയുടെ സമാപനത്തിന്റേയും ഉദ്ഘാടനം 24ന് ഉച്ചയ്ക്ക് 12 മണിക്ക് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവൻ ഹാളിൽ മന്ത്രി വീണാ ജോർജ് ഓൺലൈനായി നിർവഹിക്കും. വി.കെ. പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിക്കും.

സെൻട്രൽ ടി.ബി. ഡിവിഷൻ ഗ്രാമ പഞ്ചായത്തുകൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി ക്ഷയരോഗ മുക്ത പദവി നൽകിവരുന്നു. കേരളത്തിൽ 83% ഗ്രാമ പഞ്ചായത്തുകളിലും ടിബി എലിമിനേഷന് ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ കൃത്യമായ പ്രവർത്തനങ്ങളുടെ ഫലമായി 2023 ൽ കേന്ദ്ര സർക്കാർ കേരളത്തിലെ 59 പഞ്ചായത്തുകളെയും ഒരു മുനിസിപ്പാലിറ്റിയെയും വെങ്കല മെഡൽ കാറ്റഗറിയിൽ ക്ഷയരോഗ മുക്തമായി പ്രഖ്യാപിച്ചു. 2024ൽ അവയിൽ 47 പഞ്ചായത്തുകൾ മുൻ വർഷത്തിൽ ലഭിച്ച പദവി നിലനിർത്തിയതിനാൽ വെള്ളിമെഡൽ വിഭാഗത്തിൽ ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടി. 2024 ൽ പുതിയതായി 84 ഗ്രാമ പഞ്ചായത്തുകളും 7 മുനിസിപ്പാലിറ്റികളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടിയിട്ടുണ്ട്. 2024ൽ രണ്ടു വിഭാഗത്തിലുമായി അങ്ങനെ ആകെ 138 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷയരോഗമുക്ത പഞ്ചായത്ത് അവാർഡിന് അർഹത നേടിയിട്ടുണ്ട്. വയനാട്, ഇടുക്കി ജില്ലകളിലെ പകുതിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടി. സർക്കാർ മേഖലയോടൊപ്പം സ്വകാര്യമേഖലയിലെയും ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതിന് 2022ലും 2023ലും സംസ്ഥാനത്തിന് ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്

# അവധിക്കാലത്ത് ഉല്ലാസയാത്ര പാക്കേജുകളുമായി കെ.എസ്.ആർ.ടി.സി

**കൊല്ലം:** വേനൽ അവധിക്കാലത്ത് ഉല്ലാസയാത്ര പാക്കേജുകളുമായി കെ.എസ്.ആർ.ടി.സി കൊല്ലം ബജറ്റ് ടൂറിസം. മാർച്ച് 29ന് മൂന്നാർ യാത്രയോടെയാണ് തുടക്കം. പുലർച്ചെ അഞ്ചിന് ആരംഭിക്കുന്ന മൂന്നാർ യാത്രയിൽ ഗ്യാപ്പ് റോഡ്, ചിന്നക്കനാൽ, പെരിയക്കനാൽ, കാന്തല്ലൂർ, മറയൂർ എന്നീ സ്ഥലങ്ങൾ സന്ദർശിക്കും. മൂന്നാർ സ്ലീപ്പർ ബസ് സ്റ്റേ, കാന്തല്ലൂർ റൈഡിങ്, ഉച്ചഭക്ഷണം എന്നിവ ഉൾപ്പെടെ 2,380 രൂപയാണ് നിരക്ക്.

അന്നുതന്നെ കൊല്ലത്തുനിന്ന് രാവിലെ 10ന് എ.സി ലോ ഫ്ളോർ ബസിലുള്ള എറണാകുളം യാത്രയിൽ അഞ്ച് മണിക്കൂർ അറബിക്കടലിൽ കപ്പൽയാത്രയും ഉണ്ടാകും. 4,240 രൂപയാണ് നിരക്ക്.

മാർച്ച് 30ന് വാഗമൺ യാത്രയും 31ന് തിരുവിതാംകൂറിലെ ശിവ ക്ഷേത്രങ്ങൾ എന്ന തീർത്ഥാടന യാത്രയും ചാർട്ട് ചെയ്തിട്ടുണ്ട്. ഏപ്രിൽ രണ്ടിന് കൊല്ലത്തുനിന്ന് രാത്രി ഒമ്പതിന് ആരംഭിക്കുന്ന സൈലന്റ് വാലി യാത്രയിൽ കാഞ്ഞിരപ്പുഴ ഡാം, പാലക്കാട് കോട്ട, മലമ്പുഴ, കൽപ്പാത്തി അഗ്രഹാരം, വരിക്കാശ്ശേരി മന എന്നിവയും ഉൾപ്പെടും. 3080 രൂപയാണ് നിരക്ക്.

ഏപ്രിൽ അഞ്ചിന്റെ ഇല്ലിക്കൽ കലി, ഇലവീഴാപൂഞ്ചിറ യാത്രക്ക് 820 രൂപയാണ് നൽകേണ്ടത്. അന്നുതന്നെ പുറപ്പെടുന്ന ഇന്ത്യയിലെ ഏറ്റവും വലിയ അഗ്രോ തീം പാർക്ക് മാംഗോ മെഡോസ് യാത്രക്ക് രണ്ടുനേരത്തെ ഭക്ഷണം, പാർക്ക് എൻട്രി ഫീസ്, പാർക്കിനുള്ളിലെ ആക്ടിവിറ്റികൾ ഉൾപ്പെടെയുള്ള പാക്കേജിന് 1790 രൂപയാണ് നൽകേണ്ടത്. ഏപ്രിൽ ആറിന് രാമക്കൽമേട്, ഒമ്പതിനുള്ള കപ്പൽ യാത്ര എന്നിവക്കും ബുക്കിങ് ആരംഭിച്ചു.

ഏപ്രിൽ 10ന് തിരുനെല്ലികൊട്ടിയൂർ യാത്ര വയനാട്, കണ്ണൂർ ജില്ലകളിലെ ക്ഷേത്ര ദർശന തീർത്ഥാടന യാത്രയാണ്. രാത്രി മാനന്തവാടിയിലെത്തി വിശ്രമിച്ച ശേഷം രാവിലെ തിരുനെല്ലി, തൃശലേരി കൊട്ടിയൂർ, പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം എന്നിവ കണ്ടശേഷം മടങ്ങുന്ന യാത്രക്ക് 2,800 രൂപയാണ് നൽകേണ്ടത്. 11ന് മാമലക്കണ്ടം വഴി മൂന്നാർ യാത്രയും ഉണ്ടാകും.

# വേനൽമഴ പെയ്തപ്പോൾ നെൽക്കർഷകർക്ക് കണ്ണീർക്കൊയ്ത്ത്

**കോട്ടയം/കുമരകം:** ചങ്ങനാശേരി, വൈക്കം, കോട്ടയം താലൂക്കുകളിൽ വേനൽമഴ ശക്തിപ്പെടുംതോറും നെൽകർഷകരുടെ മനസ് നീറുകയാണ്. ഓരോ മഴ കഴിയുമ്പോഴും കിഴിവിന്റെ നിരക്ക് കൂടുകയാണ്. പുഞ്ചകൃഷിയിൽ ജില്ലയിൽ വിളഞ്ഞു പാകമായത് 47,000 ടൺ നെല്ല്. ഇന്നലെവരെ കൊയ്തു കൂട്ടിയത് മുപ്പതിനായിരം ടൺ. ഇതുവരെ മില്ലുകാർ സംഭരിച്ചത് ഏഴായിരം ടൺ. പാടങ്ങളിൽ കൊയ്തുമെതിച്ച നെല്ലും കൊയ്യാനുള്ള നെല്ലും കർഷകർക്ക് ഒരേപോലെ ബാധ്യതയായിരിക്കുന്നു.

ഒരു വശത്ത് വേനൽമഴ കനത്തു പെയ്യുന്നു. മറുവശത്ത് കുത്തുമില്ലുകാരും ഇടനിലക്കാരും പാഡി ഓഫീസർമാരും കർഷകരെ കൊള്ളാക്കൊല ചെയ്യുന്നു. മൂന്നാഴ്ചയായി പാടശേഖരങ്ങളിൽ ആശങ്കയും പ്രതിഷേധവും ശക്തമായിരിക്കെയും നിയമസഭയിൽ ഉൾപ്പെടെ വിഷയം ചർച്ചയാവുകയും ചെയ്തിട്ടും മന്ത്രിമാരോ സർക്കാർ പ്രതിനിധികളോ അപ്പർ കുട്ടനാട്ടിലേക്കു തിരിഞ്ഞുനോക്കുന്നില്ല.കർഷകർ നിലപാട് കടുപ്പിച്ചതോടെ മില്ലുകാർ നെല്ലെടുക്കാതെ പിൻവാങ്ങുന്ന സാഹചര്യത്തിലും ഇടപെടാൻ ചുമതലപ്പെട്ടവരെ കാണാനില്ല. അപ്പർ കുട്ടനാട്ടിൽ കൊയ്ത്ത് ഏറെക്കുറെ പകുതി പിന്നിട്ടിരിക്കെ ഭീമമായ നഷ്ടവും ബാധ്യതയുമാണ് പുഞ്ചകൃഷി ബാക്കിവച്ചിരിക്കുന്നത്. മൂന്നരമാസം നീണ്ട കൃഷിയിൽ ഒരേക്കറിൽ നിന്ന് ആയിരം രൂപപോലും ലാഭം കിട്ടാൻ സാഹചര്യമില്ല.

നെല്ലെടുക്കാൻ 52 മില്ലുകൾ സപ്ലൈകോയുമായി കരാർ ഒപ്പുവച്ചെങ്കിലും 12 മില്ലുകാർ മാത്രമേ കാര്യമായി സംഭരിക്കുന്നുള്ളു. കൊയ്ത്തിനു ഓരോ പാടശേഖരത്തിലും ഏതു മില്ലുകാർ നെല്ല് സംഭരിക്കണമെന്നതിൽ കൃഷി വകുപ്പ് കരാറുണ്ടാക്കാത്തതാണ് എക്കാലത്തെയും പ്രതിസന്ധിക്കു കാരണം.

# മാലിന്യ സംസ്കരണം: ജില്ല, ബ്ലോക്ക് തലങ്ങളിൽ പുരസ്കാരങ്ങൾ നല്കും

**തിരുവനന്തപുരം:** മാലിന്യമുക്തം നവകേരളം കാമ്പയിന്റെയും വൃത്തി2025 കോൺക്ലേവിന്റെയും ഭാഗമായി സംസ്ഥാനത്തെ മാലിന്യ സംസ്കരണ രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്കും മറ്റ് വിഭാഗങ്ങൾക്കും പുരസ്കാരങ്ങൾ നല്കും.

ബ്ലോക്കുതലത്തിൽ മികച്ച ഗ്രാമപഞ്ചായത്ത്, മികച്ച റെസിഡൻസ് അസോസിയേഷൻ സർക്കാർ സ്വകാര്യസ്ഥാപനങ്ങൾ, വായനശാല, ഹരിത പൊതു ഇടം, മികച്ച കുടുംബശ്രീ സിഡിഎസ്, ഹരിത കർമസേന കൺസോർഷ്യം, ഹരിത ടൌൺ എന്നീവിഭാഗങ്ങളിലാണ് അവാർഡുകൾ.

ജില്ലാതലത്തിൽമികച്ച പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത്, റെസിഡൻസ് അസോസിയേഷൻ, സിഡിഎസ്, ഹരിത കർമസേന കൺസോഷ്യം, ഏറ്റവും മികച്ച എം,സി.എഫ്., ആർ.ആർ.എഫ്., കമ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റ് എന്നിവയുള്ള തദ്ദേശസ്വയംഭരണസ്ഥാപനം, ഏറ്റവും മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനം, വ്യാപാരസ്ഥാപനം, എൻ.എസ്.എസ്. യൂണിറ്റ്, ഏറ്റവും മികച്ച സ്കൂൾ, കോളേജ്, മാലിന്യ സംസ്കരണത്തിൽ സവിശേഷപ്രവർത്തനം നടത്തിയ സർക്കാർവകുപ്പ്, മികച്ച റെസിഡൻസ് അസോസിയേഷൻ, മികച്ച ഹരിത ടൌൺ, വാതില്പ്പടിശേഖരണത്തിൽ മികച്ച തദ്ദേശസ്വയംഭരണസ്ഥാപനം, ഗാർഹിക ഉറവിടജൈവമാലിന്യ ഉപാധികൾ സ്ഥാപിച്ച തദ്ദേശസ്വയംഭരണസ്ഥാപനം, ഹരിതവിദ്യാലയം, ഹരതികലാലയം, ഹരിത ടൗൺ, ഹരിത സ്ഥാപനം, ഹരിത പൊതു സ്ഥലങ്ങൾ എന്നീവിഭാഗങ്ങളിൽ മികച്ച തദ്ദേശസ്ഥാപനങ്ങൾ, നിയമനടപടികളിൽ മികച്ച തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവയ്ക്കാണ് അവാർഡുകൾ. വൃത്തി 2025 ന്റെ മുന്നോടിയായി നടക്കുന്ന ജില്ലാതല പരിപാടിയിൽ അവാർഡുകൾ നല്കും.

# പുത്തൂർ സുവോളജിക്കൽ പാർക്ക് ഓണത്തിനുമുമ്പ് തുറക്കും

**പുത്തൂർ:** സുവോളജിക്കൽ പാർക്ക് ഓണത്തിനുമുമ്പായി നാടിന് സമർപ്പിക്കുമെന്ന് വനം മന്ത്രി എ.കെ. ശശീന്ദ്രനും റവന്യൂ മന്ത്രി കെ. രാജനും അറിയിച്ചു.

പാർക്കിന്റെ നിർമാണ പുരോഗതി വിലയിരുത്തുന്നതിനായി ചേർന്ന യോഗത്തിനുശേഷം സംസാരിക്കുകയായിരുന്നു ഇരുവരും. മന്ത്രിതലസംഘം സുവോളജിക്കൽ പാർക്ക് സന്ദർശിച്ചു. കിഫ്ബി സിഇഒ കെ.എം. എബ്രഹാമും യോഗത്തിൽ പങ്കെടുത്തു.



മേയ് മാസത്തിൽത്തന്നെ സിവിൽ പ്രവൃത്തികളെല്ലാം പൂർത്തിയാക്കുമെന്നും മന്ത്രി ശശീന്ദ്രൻ പറഞ്ഞു. കൂടുതൽ സന്ദർശകരെ ആകർഷിക്കാൻ വനേതര ആവശ്യങ്ങൾക്കുള്ള ഭൂമിയിൽ എഐ, വർച്വൽ റിയാലിറ്റി പോലുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വിനോദകേന്ദ്രങ്ങൾ തുടങ്ങുന്നത് പരിഗണനയിലുണ്ട്.

മുഖ്യ ഫണ്ടിംഗ് ഏജൻസിയായ കിഫ്ബി നിർമാണപുരോഗതിയിൽ സംതൃപ്തി രേഖപ്പെടുത്തി. തുടർനിർമാണപ്രവർത്തനങ്ങൾക്കും കിഫ്ബി സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. മൃഗങ്ങളെ മാറ്റുന്നതുമായി ബന്ധപ്പെട്ട് ഏപ്രിലിൽ പുത്തൂർ സുവോളജിക്കൽ പാർക്കിൽ ദേശീയ കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് മന്ത്രി കെ. രാജൻ പറഞ്ഞു. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള മൃഗശാല, വനം വകുപ്പ് ഉദ്യോഗസ്ഥർ കോൺക്ലേവിൽ പങ്കെടുക്കും. മൃഗങ്ങളെ എത്തിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഓഗസ്റ്റിനു മുമ്പായി പൂർത്തിയാക്കും. പാർക്കിലേക്കുള്ള റോഡിന്റെയും പാലത്തിന്റെയും നിർമാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കൃത്യമായ ടൈംലൈനിൽ ജോലികൾ പൂർത്തിയാക്കും.269 കോടി രൂപയാണ് ആദ്യം നിർമാണത്തിനായി അനുവദിച്ചത്. പിന്നീട് പലഘട്ടങ്ങളിലായി ഇത് 333 കോടി രൂപയായി ഉയർന്നു. പാർക്കിനുചുറ്റും നിരീക്ഷണസംവിധാനം ഏർപ്പെടുത്തുന്നതിനും ജനങ്ങൾക്ക് ഓൺലൈൻ സർവീസുകൾ നൽകുന്നതിനും അധികതുക വേണ്ടിവരുമെന്ന് സുവോളജിക്കൽ പാർക്ക് സ്പെഷൽ ഓഫീസർ കെ.ജെ. വർഗീസ് യോഗത്തിൽ അറിയിച്ചു.

# ഗോൾഡ് അപ്രൈസർ പരിശീലനത്തിന് തുടക്കം

**കൊല്ലം:** കേരള കരകൗശലവികസന കോർപറേഷന്റെ ആഭിമുഖ്യത്തിൽ പരമ്പരാഗത സ്വർണത്തൊഴിലാളികൾക്കുള്ള ഗോൾഡ് അപ്രൈസർ പരിശീലനത്തിന് തുടക്കമായി. ഉമയനല്ലൂർ ഗോൾഡ് ആൻഡ് അപ്രൈസർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ മാർച്ച് 25 വരെയാണ് പരിശീലനം. 150 പേർക്കാണ് പരിശീലനം.

ചെയർമാൻ നെടുവത്തൂർ സുന്ദരേശൻ ഉദ്ഘാടനം നിർവഹിച്ചു. ഡയറക്ടർ ബോർഡംഗം പി.എൽ. എബ്രഹാം അധ്യക്ഷനായി. പ്രോജക്ട് മാനേജർ എസ്. ആദർശ്, കാഡ്കോ ഡയറക്ടർമാരായ പി. വിജയമ്മ, ഡിക്കൽ തോമസ് കയ്യത്ര, ആർട്ട്കോ ചെയർമാൻ വി.എസ് അനൂപ്, കെ.എൽ മധുസൂദനൻ, ടി.എസ് ഹരിശങ്കർ, കെ. സോമരാജൻ, സുനിൽകുമാർ, തിരുപ്പതി രാജൻ, നിഖിൽ പ്രമോദ് തുടങ്ങിയവർ പങ്കെടുത്തു.



കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പച്ചാളം, വടുതല യൂണിറ്റുകൾ സംയുക്തമായി സംഘടിപ്പിച്ച ആരോഗ്യപരിശോധന ക്യാപും ഹെൽത്ത് കാർഡ് വിതരണവും പച്ചാളം വ്യാപാര ഭവനിൽ കൊച്ചി കോർപ്പറേഷൻ കൗൺസിലർ ഹെൻട്രി ഓസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു. ടിജോ തോമസ്, സുരേഷ് ഗോപി, സി.വി രാജു, അബ്ദുൾ ഖാദർ, ഡോ. ജോസ് മാത്യു, പി. സി ജേക്കബ്ബ്, മിന്ന വിവേര തുടങ്ങിയവർ സമീപം

# ഹെൽത്ത് കാർഡ് വിതരണം ചെയ്തു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പച്ചാളം, വടുതല യൂണിറ്റുകൾ സംയുക്തമായി ആരോഗ്യപരിശോധന ക്യാപും ഹെൽത്ത് കാർഡ് വിതരണവും നടത്തി. പച്ചാളം വ്യാപാര ഭവനിൽ നടന്ന ക്യാംപ് കൊച്ചി കോർപ്പറേഷൻ 32ാം ഡിവിഷൻ കൗൺസിലർ ഹെൻട്രി ഓസ്റ്റിൻ ഉദ്ഘാടനം ചെയ്തു. 73ാം ഡിവിഷൻ കൗൺസിലർ മിന്ന വിവേര മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് പ്രസിഡന്റ് പി.സി ജേക്കബ്ബ് അധ്യക്ഷത വഹിച്ചു. വർക്കിംഗ് പ്രസിഡന്റ് സുരേഷ് ഗോപി, ജനറൽ സെക്രട്ടറി സി.വി രാജു, ട്രഷറർ ടിജോ തോമസ്, വടുതല യൂണിറ്റ് പ്രസിഡന്റ് ബെന്നി, അബ്ദുൾ ഖാദർ തുടങ്ങിയവർ സംസാരിച്ചു. ഡോ. ജോസ് മാത്യു ക്യാംപിന് നേതൃത്വം നൽകി.

# ആലുവയിൽ വലിയ ജലശുദ്ധികരണ പ്ലാന്റ് അനിവാര്യം: കൊച്ചി വാട്ടർ സമ്മിറ്റ്

**കൊച്ചി:** കൊച്ചിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ആലുവയിൽ ദിനംപ്രതി 190 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധികരണ പ്ലാന്റ് സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് കൊച്ചി വാട്ടർ സമ്മിറ്റ് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. കൊച്ചി നഗരത്തിലേക്ക് മാത്രമായിട്ടുള്ള പൈപ്പ് ലൈനുകളിലൂടെ കുടിവെള്ളം എത്തിച്ച് പ്രശനം പരിഹരിക്കാൻ സാധിക്കും.

ലോക ജല ദിനത്തോട് അനുബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുടെ ഓഫീസർമാരുടെ സംഘടനയായ അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫിസേഴ്സ് ആണ് ജല ഉച്ചകോടി സംഘടിപ്പിച്ചത്.ഉച്ചകോടിയുടെ ഉദ്ഘാടനം കൊച്ചി മേയർ അനിൽകുമാർ നിർവ്വഹിച്ചു. കൊച്ചിയുടെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പുതിയ പദ്ധതി അനിവാര്യമാണെന്നും പദ്ധതികൾ ശാസ്ത്രീയമായും സമയബന്ധിതമായും ആധുനിക സാങ്കേതിക വിദ്യകൾ സമന്വയിപ്പിച്ച് നടപ്പാക്കണമെന്ന് മേയർ അഭിപ്രായപ്പെട്ടു.

കെ ജെ മാക്സി എംഎൽഎ ഉച്ചകോടിയിൽ മുഖ്യ പ്രഭാഷണം നടത്തി. ചോർച്ചകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനോടൊപ്പം ജലം എല്ലാവർക്കും തുല്യമായി വീതിക്കണമെന്നും പുതിയ പദ്ധതികൾ നടപ്പാകുമ്പോൾ ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കണമെന്നും എം എൽ എ പറഞ്ഞു. മുൻ എം എൽ എ ജോൺ ഫെർണാണ്ടസ് മുഖ്യ പ്രഭാഷണം നടത്തവെ കൊച്ചിയുടെ കുടിവെള്ള പദ്ധതി ആട്ടിമറിച്ചത് ചില നിക്ഷിപ്ത താത്പര്യക്കാരായ ഉദ്യോഗസ്ഥരാണെന്നും അനുവദിച്ച പണം ഉപയോഗപ്പെടുത്തിയില്ല എന്നും ആരോപിച്ചു. 45 വർഷം പഴക്കമുള്ള പൈപ്പുകൾ പോലും മാറ്റാത്ത വാർഡാണ് പനമ്പള്ളി നഗറിലേത് എന്ന് നഗരസഭ വാർഡ് കൗൺസിലർ ആശംസ നടത്തവേ പറഞ്ഞു.

കുടിവെള്ള വിതരണ സംവിധാനത്തിൽ കൊച്ചി നഗരസഭ നേരിടുന്ന വെല്ലുവിളികൾ അവയുടെ സുസ്ഥിര പരിഹാരം എന്ന വിഷയത്തിൽ ഡോ ഷൈജു പി തടത്തിൽ, പശ്ചിമ കൊച്ചിയുടെ ജലവിതരണത്തിലെ പ്രതിസന്ധികൾ എന്ന വിഷയത്തിൽ സ്റ്റേറ്റ് റഫറൽ യൂണിറ്റ് ഡയറക്ടർ മുഹമ്മദ് ഷാഹി. അതിവേഗ നഗരവത്കരണ പശ്ചാത്തലത്തിൽ കൊച്ചി നഗരത്തിന്റെ ജലസുരക്ഷ എന്ന വിഷയത്തിൽ ഡോ. സണ്ണി ജോർജ്ജ്, കൊച്ചി നഗരത്തിലെ ജല പരിസ്ഥിതി മാനേജ്മെന്റിനുള്ള നൂതന പദ്ധതികൾ എന്ന വിഷയത്തിൽ ചിന്നു മേരി, കുടിവെള്ള വിതരണം വിഭാവനം ചെയ്യുന്നതിന് വേണ്ട ഘടകങ്ങൾ എന്ന വിഷയത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വിജു മോഹൻ, ജലവിതരണ മാനേജ്മെന്റും സങ്കീർണ്ണതകളും എന്ന വിഷയത്തിൽ ലൂണാ നായർ, കാര്യക്ഷമമായ ഊർജ്ജ വിനിയോഗവും പരിപാലനവുമുള്ള കൊച്ചി ജലവിതരണവും പരിപാലനവും ഉള്ള കൊച്ചി ജലവിതരണം എന്ന വിഷയത്തിൽ എനർജി ആഡിറ്റ് ടീം ലീഡർ തംപി എസ്, ജി ഐ എസ് ഉപയോഗിച്ചുള്ള ജലവിഭവ മാനേജ്മെന്റ് എന്ന വിഷയത്തിൽ ഡോ. രഞ്ജു മോഹൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

അവതരിപ്പിച്ച വിഷയങ്ങളിന്മേൽ കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (സി ഐ ടി യു) ജനറൽ സെക്രട്ടറി ശ്രീ ഉണ്ണികൃഷ്ണൻ പി, ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രതിനിധി കെ രാജീവ്, എറണാകുളം ഡിസ്ട്രിക്റ്റ് റെസിഡന്റ്സ് അസോസിയേഷൻ കൗൺസിൽ പ്രതിനിധി വി. രംഗദാസപ്രഭു, എസ് സി എം എസ് കോളേജ് പ്രൊഫസർ ഡോ. രതീഷ് മേനോൻ, സി ഡബ്ല്യൂ ആർ ഡി എം ക്വാളിറ്റി വിഭാഗം മേധാവി രശ്മി ടി ആർ എന്നിവർ പ്രതികരണങ്ങൾ നടത്തി. വാട്ടർ അതോറിറ്റി മുൻ മാനേജിംഗ് ഡയറക്ടർ സൂസൻ ജേക്കബ് ചർച്ചകൾക്ക് മറുപടി പറഞ്ഞു.

# ജയിൽ ഫാർമസിസ്റ്റിനെതിരെ നടപടി സ്വീകരിക്കണം: കെ.ജി.എം.ഒ.എ

**കൊച്ചി:** കാക്കനാട് ജയിൽ ഫാർമസിസ്റ്റ് നടത്തുന്ന ഗുരതരമായ അച്ചടക്ക ലംഘനം സംബന്ധിച്ച് അടിയന്തരമായി അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് കേരള ഗവൺമെന്റ് മെഡിക്കൽ ഓഫിസേഴ്സ് അസോസിസേയേഷൻ (കെ.ജി.എം.ഒ.എ) ജില്ലാ പ്രസിഡന്റ് ഡോ. ടി. സുധാകർ, സെക്രട്ടറി ഡോ. കാർത്തിക് ബാലചന്ദ്രൻ എന്നിവർ ആവശ്യപ്പെട്ടു. ജയിൽ ഫാർമസിസ്റ്റ് ജോലിയിൽ കാണിക്കുന്ന ഗുരതരമായ കൃത്യവിലോപം ചോദ്യം ചെയ്തിന്റെ പേരിൽ ജയിൽ മെഡിക്കൽ ഓഫിസറായ വനിതാ ഡോക്ടർക്കെതിരെ വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് മേലുദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് ഫാർമസിസ്റ്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഫാർമസിസ്റ്റിനെ കാറിച്ചു കൊലപ്പെടുത്താൻ ശ്രമിച്ചുവെന്നും ഡോക്ടർ ഭക്ഷണം കഴിയ്ക്കുന്ന ഏരിയയും ശുചിമുറിയും വൃത്തിയാക്കാൻ ഫാർമസിസ്റ്റിനോട് നിർദ്ദേശിച്ചുവെന്നുമൊക്കെയുള്ള നുണ പ്രചരണങ്ങളാണ് നടത്തുന്നത്. കെഎസ്ആർടിസി ബസിൽ ദിവസവും ജോലിയ്ക്കുവരുന്ന ഡോക്ടർ എങ്ങനെയാണ് കാറിടിപ്പിക്കാൻ ശ്രമിക്കുന്നത്. ജയിലിൽ ഭക്ഷണം കഴിയ്ക്കുന്ന ഭാഗങ്ങളും ശുചിമുറിയുമൊക്കെ വൃത്തിയാക്കാൻ മറ്റു ജോലിക്കാരുണ്ട്. ഇതെല്ലാം മറച്ചുവെച്ചുകൊണ്ടാണ് വാസ്തവ വിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നത്.

തെറ്റായ രീതിയിലുള്ള മരുന്ന് വിതരണം,സ്റ്റോക്ക് രജിസ്റ്ററിൽ ക്രിത്രിമം കാണിക്കൽ, വിവരങ്ങൾ മറച്ചുവയ്ക്കൽ, രഹസ്യമെഡിക്കൽ രേഖകൾ ചോർത്തൽ, ഷെഡ്യൂൾ എച്ച് വിഭാഗത്തിൽപ്പെടുന്ന മരുന്നുകൾ മെഡിക്കൽ ഓഫീസർ അറിയാതെ തടവുകാർക്ക് വിതരണം ചെയ്യൽ ഉൾപ്പെടെ ജയിൽ ജീവനക്കാരുടെയും തടവുകാരുടെയും സ്വകാര്യതയും സുരക്ഷയും ലംഘിക്കുന്ന നടപടികൾ ഫാർമസിസ്റ്റിന്റെ പക്കൽ നിന്നും ഉണ്ടായത് ചോദ്യം ചെയ്തതോടെയാണ് മെഡിക്കൽ ഓഫിസർക്കെതിരെ അടിസ്ഥാന രഹിതമായ അരോപണങ്ങളുമായി ഫാർമസിസ്റ്റ് രംഗത്തുവന്നത്.

ജയിൽ ഫാർമസിയിൽ പരിശോധന നടത്തണമെന്ന് മേലധികാരികളോട് ഡോക്ടർ ആവശ്യപ്പെട്ടിരുന്നു. അച്ചടക്ക ലംഘനം ചോദ്യം ചെയ്തതിന്റെ പേരിൽ വനിതാ ഡോക്ടറെ ശാരീരികമായി ആക്രമിക്കാൻ ശ്രമിക്കുകയും തുടർന്ന് ജയിൽ സൂപ്രണ്ട് വനിതാ ഡോക്ടർക്ക് വ്യക്തിഗത സുരക്ഷ ഒരുക്കിനൽകുകയും ചെയ്തിട്ടുള്ളതാണ്. മുൻപ് ജോലി ചെയ്തിരുന്ന സ്ഥലങ്ങളിലും ഫാർമസിസ്റ്റിനെതിരെ പരാതികൾ നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ജയിലിലെ ആരോഗ്യ വിഭാഗത്തിലെ സുരക്ഷയും അച്ചടക്കവും ഉറപ്പു വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും കെ.ജി.എം.ഒ.എ ഭാരവാഹികൾ ആവശ്യപ്പെട്ടു.

# വനിതാ ഡോക്ടറെ ആക്ഷേപിക്കുന്ന നടപടി അവസാനിപ്പിക്കണം: കെ.ജി.എം.ഒ.എ

**കൊച്ചി:**കരുമാലൂർ ഫാമിലി ഹെൽത്ത് സെന്ററിലെ വനിതാ ഡോക്ടറെ അസഭ്യവാക്കുകൾ കൊണ്ട് ആക്ഷേപിക്കുകയും രാഷ്ട്രീയ ലക്ഷ്യത്തോടെ പഞ്ചായത്തംഗം വാസ്തവ വിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കണമെന്ന് കേരള ഗവൺമെന്റ് മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷൻ (കെ.ജി.എം.ഒ.എ) ജില്ലാ പ്രസിഡന്റ് ഡോ. ടി. സുധാകർ, സെക്രട്ടറി ഡോ. കാർത്തിക് ബാലചന്ദ്രൻ എന്നിവർ പറഞ്ഞു. ജനുവരിയിൽ കാലാവധി കഴിഞ്ഞ സോഡിയം വാൽപ്രൊയേറ്റ് എന്ന ഗുളികകൾ ഫാർമസിയിൽ നിന്നും അബദ്ധത്തിൽ നൽകിയതാണ് ഈ വിവരം പരാതിയുമായി എത്തിയ പഞ്ചായത്ത് മെമ്പർമാരെ ധരിപ്പിച്ചെങ്കിലും മരുന്നുകൾ തങ്ങൾക്ക് ഫാർമസിയിൽ കയറി നേരിട്ടു പരിശോധിക്കണമെന്നാവശ്യപ്പെട്ട് ഡോക്ടറെ ഭീഷണിപ്പെടുത്തുകയും അസഭ്യം പറയുകയായിരുന്നു. കാലാവധി കഴിഞ്ഞ മരുന്നിന് ഗുണനിലവാരം കുറയുമെന്നല്ലാതെ രോഗിക്ക് ജീവനാപത്ത് സംഭവിക്കില്ലെന്ന് പറഞ്ഞ് ഇവരുടെ ആശങ്ക അകറ്റാൻ ശ്രമിച്ചുവെങ്കിലും ഇതൊന്നും കേൾക്കാതെ രാഷ്ട്രീയ ലക്ഷ്യത്തോടെ വാസ്തവ വിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിച്ച് സംഭവം കൂടുതൽ വഷളാക്കാനാണ് പഞ്ചായത്ത് മെമ്പർ ശ്രമിച്ചതെന്നും കെ.ജി.എം.ഒ.എ ഭാരവാഹികൾ പറഞ്ഞു. മുമ്പ് പല തവണയും പഞ്ചായത്തംഗങ്ങൾ ഡോക്ടറെ അവഹേളിക്കാൻ ശ്രമിച്ചിട്ടുള്ളതും ഇതിന്റെ പേരിൽ പരാതികൾ നിലനിൽക്കുന്നുണ്ട്.ഗുണനിലവാരമുള്ള മരുന്നുകൾ ലഭിക്കാനുള്ള രോഗിയുടെ അവകാശം സംരക്ഷിക്കപെടേണ്ടതാണ്. അതിൽ വന്ന വീഴ്ച തിരുത്താനുള്ള നടപടികളെ അംഗീകരിക്കുന്നു. എന്നാൽ ഇതിന്റെ മറവിൽ രാഷ്ട്രീയ ലക്ഷ്യത്തോടെ വനിതാ ഡോക്ടറെ അവഹേളിക്കുന്ന പഞ്ചായത്തംഗങ്ങളുടെ നിലപാട് പ്രതിഷേധാർഹമാണെന്നും കെ.ജി.എം.ഒ.എ ഭാരവാഹികൾ വ്യക്തമാക്കി

# ഹരിതകേരളം മിഷൻ പരിസ്ഥിതി സംഗമം ഇന്ന്

**തിരുവനന്തപുരം:** ലോക ജലദിനത്തോടനുബന്ധിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന പരിസ്ഥിതി സംഗമം മാർച്ച് 24 ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. നവകേരളത്തിനായി ജലസുരക്ഷ സമീപനരേഖയുടെ പ്രകാശനവും മുഖ്യമന്ത്രി നിർവഹിക്കും. 24 ന് വൈകുന്നേരം 5.30 ന് തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് അദ്ധ്യക്ഷത വഹിക്കും. ജലസുരക്ഷ, പരിസ്ഥിതി പുനസ്ഥാപനം, മാലിന്യപരിപാലനം എന്നീ മേഖലകളിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ നടന്ന മികച്ച പ്രവർത്തനങ്ങളെ ഉൾപ്പെടുത്തിയാണ് സംഗമം സംഘടിപ്പിക്കുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ച്ച വെച്ച വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ആദരവ് നൽകും. 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' മൊബൈൽ ആപ്പ് പ്രകാശനവും, ക്യാമ്പയിൻ മാർഗരേഖ പ്രകാശനവും ധനകാര്യവകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ നിർവഹിക്കും. 'നവകേരളത്തിന്റെ പരിസ്ഥിതി മികവുകൾ' പ്രബന്ധ സമാഹാരം പ്രകാശനവും മാപത്തോണിന്റെ ഭാഗമായി തയ്യാറാക്കിയ ഭൂപടം പ്രകാശനവും ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കും. ശശിതരൂർ എം.പി, ആന്റണി രാജു എം.എൽ.എ എന്നിവർ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും. തിരുവനന്തപുരം കോർപ്പറേഷൻ മേയർ ആര്യ രാജേന്ദ്രൻ നവകേരളം ന്യൂസ് ലെറ്ററിന്റെ 50ാം പതിപ്പ് പ്രകാശനം ചെയ്യും. പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് സെക്രട്ടറി എസ്. ഹരികിഷോർ, തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി. വി. അനുപമ, കെ.എസ്.ഡബ്യു.എം.പി. പ്രോജക്ട് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു. വി. ജോസ്, തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, ആസൂത്രണ ബോർഡ് മെമ്പർ ഡോ. ജിജു. പി. അലക്സ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ. സുരേഷ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ കേരള ജനറൽ സെക്രട്ടറി എം. കൃഷ്ണദാസ്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബി. പി. മുരളി, എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടർ രവിരാജ് ആർ, ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ ജി. കെ. സുരേഷ്കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. നവകേരളം കർമ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി. എൻ. സീമ സ്വാഗതവും പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടർ രജത്ത് നന്ദിയും പറയും.

ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിതകേരളം മിഷൻ പ്രതിനിധികൾ, കേരളത്തിലെ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ തുടങ്ങിയവർ സംഗമത്തിന്റെ ഭാഗമാകും.

പാരിസ്ഥിതിക മേഖലയിൽ ഹരിത കേരളം മിഷന്റെ ഏകോപനത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ നടത്തിയ പ്രവർത്തനങ്ങളുമായി ഏറെ ചേർന്നു നിൽക്കുന്നതാണ് ഈ വിഷയം. അതുകൊണ്ട് തന്നെ ലോകജലദിനവുമായി ബന്ധപ്പെട്ടാണ് പരിസ്ഥിതി സംഗമം സംഘടിപ്പിക്കുന്നത്. ജനകീയ പങ്കാളിത്തത്തോടെ നടത്തിയ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, വ്യക്തികൾ, വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ തുടങ്ങിയവരുടെ അനുഭവം പങ്കുവയ്ക്കുന്നതിനും വിദഗ്ധരുടെ അഭിപ്രായം തേടുന്നതിനും ശ്രദ്ധേയമായ പ്രവർത്തനം നടത്തിയവരെ ആദരിക്കുന്നതിനുമായുള്ള വേദി കൂടിയായി 'പരിസ്ഥിതി സംഗമം

സൊസൈറ്റി ടുഡേ
SOCIETY TODAY



# കർഷകർക്ക് പിന്തുണയുമായി ലുലു; പൊള്ളാച്ചിയിൽ 160 ഏക്കറിൽ കാർഷിക പദ്ധതി

**പൊള്ളാച്ചി:** തദ്ദേശീയ കർഷകർക്ക് പിന്തുണയുമായി ലുലു ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ആഗോള കാർഷിക ഉൽപ്പാദന പദ്ധതിക്ക് പൊള്ളാച്ചിയിൽ തുടക്കമിട്ടു. സുരക്ഷിതമായ കൃഷിക്കൊപ്പം നിലയുറപ്പിച്ച് ലുലു എന്ന ലക്ഷ്യവുമായിട്ടാണ് പുതിയ കാർഷികോത്പാദന പദ്ധതിക്ക് ലുലു ഫെയർ ആരംഭം കുറിച്ചത്. ലുലു ഗ്രൂപ്പിന്റെ ഉമസ്ഥതയിലുള്ള ഗണപതി പാളയത്തെ 160 ഏക്കറിൽ കാർഷികോൽപ്പാദനത്തിന്റെ വിത്തിടൽ കർമ്മം നടന്നു. ആദ്യഘട്ടത്തിൽ 50 ഏക്കറിലാണ് കൃഷി തുടങ്ങുന്നത്. വാഴ, തെങ്ങ്, മുരിങ്ങ, ചെറിയ ഉള്ളി, പടവലം തുടങ്ങി നിത്യോപയോഗ പച്ചക്കറികൾ ഏറ്റവും ഗുണമേന്മയോടെ ആഗോള വിപണിയിലേക്ക് എത്തിക്കുകയാണ് ലുലുവിന്റെ ലക്ഷ്യം. തദ്ദേശീയ കർഷകർക്കുള്ള ലുലുവിന്റെ പിന്തുണയ്ക്കൊപ്പം ആഗോള ഗുണനിലവാരമുള്ള പച്ചക്കറി, പഴ വർഗങ്ങൾ ഇനി ലുലു തന്നെ നേരിട്ട് കൃഷി ചെയ്യും. ഏറ്റവും ഗുണ നിലവാരത്തിൽ കാർഷിക വിളകളുടെ കയറ്റുമതി സാധ്യമാകുകയാണ് ലക്ഷ്യം.

ലുലു ഗ്ലോബൽ ഓപ്പറേഷൻസ് ഡയറക്ടർ എം.എ സലീം വാഴ വിത്തും, തെങ്ങിൻ തൈകളും,ചെറിയ ഉള്ളി തൈകളും, മുരിങ്ങ , പാവൽ എന്നിവ നട്ടു കൊണ്ടായിരുന്നു പദ്ധതിയുടെ തുടക്കം. കൂടാതെ ലുലു ഫിഷ് ഫാമിങ്ങിന്റെ ഭാഗമായി 5000 മത്സ്യക്കുഞ്ഞുങ്ങളേയും നിക്ഷേപിച്ചു. രാവസവളം ഒഴിവാക്കി ജൈവീകമായ വളമുപയോഗിച്ചാകും കൃഷി നടത്തുക.

പൊള്ളച്ചായിലെ മണ്ണിലെ ഫലഭൂഷിടിയെ പരമാവധി പ്രയോജനപ്പെടുത്തിയാകും കൃഷിരീതി.ലുലു ഗ്രൂപ്പ് ഫ്രൂട്സ് ആന്റ് വെജിറ്റബിൾസ് ഡയറക്ടർ സുൽഫീക്കർ കടവത്ത്, ലുലു എക്സ്പോർട്ട് ഹൗസ് സി ഇ. ഒ. നജീമുദ്ദീൻ, ലുലു ഗ്രൂപ്പ് ഇന്ത്യ സി.ഒ.ഒ രജിത്ത് രാധാകൃഷ്ണൻ, ലുലു ഗ്രൂപ്പ് ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ് , ദുബായ് ലുലു ഫ്രൂട്സ് ആന്റ് വെജിറ്റബിൾസ് ബയ്യിങ് മാനേജർ സന്തോഷ് മാത്യു എന്നിവർ സംബന്ധിച്ചു.

# കോഴിക്കോട് മെഡിക്കൽ കോളേജിൽ അതിനൂതന ചികിത്സ വിജയം

**കോഴിക്കോട്:** സർക്കാർ മെഡിക്കൽ കോളേജിൽ അതിനൂതന ചികിത്സ വിജയം. അന്നനാളത്തിന്റെ ചലനശേഷിക്കുറവ് മൂലം രോഗിയ്ക്ക് ഭക്ഷണം കഴിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാക്കുന്ന അക്കാലാസിയ കാർഡിയ എന്ന രോഗത്തിനാണ് വിദഗ്ധ ചികിത്സ നൽകി ജീവിതത്തിലേക്ക് തിരികെയെത്തിച്ചത്. ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന് കീഴിലാണ് എൻഡോസ്കോപ്പി വഴി നടത്തുന്ന അതിനൂതന ചികിത്സയായ പിഒഇ എം നൽകിയത്. ചികിത്സയ്ക്ക് ശേഷം രോഗി സുഖം പ്രാപിച്ചു വരുന്നു. നൂതന ചികിത്സ നൽകിയ മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.



കാസർഗോഡ് സ്വദേശിയായ 43 കാരനാണ് ചികിത്സ നൽകിയത്. വർഷങ്ങളായി ഭക്ഷണം ഇറക്കുന്നതിന് തടസം നേരിടുകയും കഴിയ്ക്കുന്ന ഭക്ഷണം വായിൽ തിരികെ തികട്ടി വരികയും ചെയ്തിരുന്നു. മറ്റ് പല ആശുപത്രികളിലും ചികിത്സ തേടിയെങ്കിലും ഫലമുണ്ടായില്ല. തുടർന്നാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിയത്. ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിലെ വിദഗ്ധ പരിശോധനയിലാണ് രോഗത്തിന്റെ സങ്കീർണാവസ്ഥ അറിഞ്ഞത്. തുടർന്നാണ് എൻഡോസ്കോപ്പി വഴി നടത്തുന്ന അതിനൂതന ചികിത്സയായ പിഒഇഎം നൽകിയത്. സ്വകാര്യ ആശുപത്രികളിൽ ഒന്നര ലക്ഷം രൂപയോളം ചെലവുള്ള ചികിത്സയാണ് സർക്കാർ പദ്ധതിയിലൂടെ സൗജന്യമായി നൽകിയത്. കേരളത്തിലെ ഗവൺമെന്റ് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ആദ്യമായാണ് ഈ രീതിയിലുള്ള ചികിത്സ നടക്കുന്നത്.

പ്രിൻസിപ്പൽ ഡോ. സജീത് കുമാർ കെജി, സൂപ്രണ്ട് ഡോ. ശ്രീജയൻ എം പി എന്നിവരുടെ ഏകോപനത്തിൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം മേധാവി ഡോ. കെ. സുനിൽ കുമാറിന്റെ നേതൃത്വത്തിലാണ് ചികിത്സ നൽകിയത്.

# വേമ്പനാട് കായൽ പുനരുജ്ജീവനം: രണ്ടാംഘട്ട മെഗാ ശുചീകരണത്തിൽ 3.6 ടൺ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചു

**ആലപ്പുഴ:** വേമ്പനാട് കായലിന്റെ പുനരുജ്ജീവനം ലക്ഷ്യമിട്ട് ആലപ്പുഴ നഗരസഭയും ജില്ലാഭരണകൂടവും റോട്ടറി ക്ലബും സംയുക്തമായി സംഘടിപ്പിച്ച പ്ലാസ്റ്റിക്ക് മുക്ത വേമ്പനാട് മെഗാ ശുചീകരണ കാമ്പയിന്റെ രണ്ടാംഘട്ടത്തിൽ 3.6 ടൺ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചുനീക്കി. ശനിയാഴ്ച്ച രാവിലെ പുന്നമട ഫിനിഷിംഗ് പോയിന്റിൽ നടന്ന ശുചീകരണം ജില്ലാ കളക്ടർ അലക്സ് വർഗീസ് ഫ്ലാഗ് ഓഫ് ചെയ്തു. ചടങ്ങിൽ നഗരസഭ ചെയർപേഴ്സൺ കെ കെ ജയമ്മ അധ്യക്ഷയായി. പുന്നമട ഫിനിഷിംഗ് പോയിന്റിൽ ആരംഭിച്ച മെഗാ ശുചീകരണം തുടർന്ന് കുട്ടനാടൻ ഭാഗങ്ങളിലെ ഉൾക്കായലുകളിൽ 75 ചെറുവള്ളങ്ങളിലായി നടന്നു.

160 മത്സ്യത്തൊഴിലാളികൾ, 65 കുടുംബശ്രീ പ്രവർത്തകർ, നഗരസഭയുടെ 60 ശുചീകരണത്തൊഴിലാളികൾ, റോട്ടറി ആലപ്പുഴ റവന്യു ജില്ലാ ക്ലബിലെ 60 അംഗങ്ങൾ തുടങ്ങിയവർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. ശേഖരിച്ച 3.6 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരസഭ എംസിഎഫിലേക്ക് മാറ്റി.

വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഹോട്ടലുകളും റസ്റ്റോറന്റുകളും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. ജില്ലയിൽ വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന 30 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ശുചീകരണപ്രവർത്തനങ്ങൾ തുടർച്ചയായി നടക്കുന്നത്.

നരഗസഭ സ്ഥിരംസമിതി അധ്യക്ഷരായ എ എസ് കവിത, ആർ വിനിത, എം ആർ പ്രേം, ദുരന്ത നിവാരണം ഡെപ്യൂട്ടി കളക്ടർ സി പ്രേംജി, ഡി ടി പി സി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കെ സി പ്രദീപ്, മറ്റ് ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ സന്നദ്ധപ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# ആനന്ദം വയോജന കലോത്സവം സംഘടിപ്പിച്ചു

**ആലപ്പുഴ:** ആലപ്പുഴ ജില്ലാ പഞ്ചായത്തും ആര്യാട് ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച 'ആനന്ദം' വയോജന കലോത്സവം വേറിട്ട അനുഭവമായി. നൂറുകണക്കിന് വയോജനങ്ങൾ പങ്കെടുക്കാനെത്തിയതോടെ കലോത്സവം കളറായി.

കലവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന വയോജന കലോത്സവം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി ഉദ്ഘാടനം ചെയ്തു.

59 വയസ്സിൽ സുനിതാ വില്യംസ് ലോകത്തിന്റെ നെറുകയിൽ നിൽക്കുമ്പോൾ പ്രായം നോക്കി മുന്നോട്ടു പോകരുതെന്നും ഉയരങ്ങൾ കീഴടക്കാൻ പ്രായമൊരു തടസ്സമല്ലെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. രണ്ടു ദിവസങ്ങളിലായി നടക്കുന്ന കലോത്സവത്തിൽ വയോജനങ്ങൾക്കായി മേക്കോവർ, മെഡിക്കൽ ക്യാമ്പ്, ഉപകരണ വിതരണം തുടങ്ങിയവയും സംഘടിപ്പിച്ചിട്ടുണ്ടെന്ന് പ്രസിഡന്റ് പറഞ്ഞു.

വഞ്ചിപ്പാട്ട്, നാടൻപാട്ട്, ലളിതഗാനം, കവിത പാരായണം, സമൂഹഗാനം, കൈകൊട്ടിക്കളി, ഒപ്പന, ഡാൻസ്, തിരുവാതിര പോലുള്ള സ്ഥിരം ഇനങ്ങൾ കൂടാതെ കയർപിരി , ഓല മെടയൽ മത്സരങ്ങളും നടന്നു. ആര്യാട് ബ്ലോക്കിന് കീഴിലുള്ള പഞ്ചായത്തുകളിൽ നിന്ന് 230 വയോജനങ്ങൾ മത്സരത്തിൽ പങ്കെടുത്തു.

ഉദ്ഘാടന ചടങ്ങിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ ഡി മഹീന്ദ്രൻ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. ആർ റിയാസ്, ആര്യാട് ബ്ലോക്ക് വൈസ് പ്രസിഡന്റ് ഇന്ദിരാ തിലകൻ, സ്ഥിരം സമിതി അംഗങ്ങളായ സുയമോൾ, പി കെ പ്രകാശ് ബാബു, ബ്ലോക്ക് പഞ്ചായത്ത് അംഗം തിലകമ്മ വാസുദേവ്, ആര്യാട് ബ്ലോക്ക് സി.ഡി.പി.ഒ ഷീല ദേവസ്യ, ബി.ഡി.ഒ എം കെ ഷിബു തുടങ്ങിയവർ പങ്കെടുത്തു.

# ലോക ക്ഷയരോഗ ദിനം ഇന്ന്

**തിരുവനന്തപുരം:** ലോക ക്ഷയരോഗ ദിനാചരണവും 100 ദിന കർമ്മ പരിപാടിയുടെ സമാപനവും 24 ന് ഉച്ചയ്ക്ക് 12 ന് വൈലോപ്പിള്ളി സംസ്കൃതി ഭവൻ ഹാളിൽ ആരോഗ്യവും വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. അഡ്വ. വി.കെ.പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നടൻ സുരാജ് വെഞ്ഞാറമൂട് മുഖ്യാഥിതിയാകും. ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ ക്ഷയരോഗദിന പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. മേയർ ആര്യ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ. എൻ. ഖോബ്രഗഡെ, ആരോഗ്യകേരളം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ജില്ലാ കളക്ടർ അനുകുമാരി തുടങ്ങിയവർ പങ്കെടുക്കും.

ക്ഷയരോഗ സാധ്യത കൂടിയ 81.6 ലക്ഷം പേരെ പരിശോധനക്ക് വിധേയരാക്കുക എന്ന ലക്ഷ്യത്തോടെ ഡിസംബർ 7 മുതൽ മാർച്ച് 17 വരെ നടത്തിയ 100 ദിന കർമ്മപരിപാടിയിൽ മാർച്ച് ആദ്യ ആഴ്ചവരെ 75 ശതമാനത്തിലധികം ആളുകളെ സ്ക്രീനിംഗിനു വിധേയരാക്കി. കാമ്പയിനിൽ 1,98,101 പരിശോധനകൾ നടത്തിയത്തിൽ 5588 ക്ഷയരോഗബാധിതരെ പുതുതായി കണ്ടെത്തി.2024 ൽ ആകെ 138 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബ്രോൺസ്, സിൽവർ കാറ്റഗറിയിൽ ക്ഷയരോഗമുക്ത പഞ്ചായത്ത് അവാർഡിന് അർഹത നേടി.

# ബ്രസീൽ ലെജൻഡ്സ് മത്സരം ഫാൻകോഡിൽ കാണാം

**കൊച്ചി:** 2002 ലോകകപ്പ് ജേതാക്കളായ ബ്രസീൽ ടീമിന്റെ ഇന്ത്യൻ പര്യടനത്തിനുള്ള സ്പോൺസർമാരുടെ പട്ടിക പുറത്തുവിട്ട് സംഘാടകരായ ഫുട്ബോൾ പ്ലസ് അക്കാദമി. മാർച്ച് 30ന് ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടക്കുന്ന ആവേശകരമായ പ്രദർശന മത്സരത്തോടെയാണ് ബ്രസീൽ ലെജൻഡ്സിന്റെ പര്യടനം ആരംഭിക്കുക. റൊണാൾഡീഞ്ഞോ, റിവാൾഡോ, ലൂസിയോ, ഗിൽബെർട്ടോ സിൽവ എന്നിവരടങ്ങിയ ബ്രസീലിയൻ ഫുട്ബോൾ ടീം ഐ.എം വിജയൻ, മെഹ്താബ് ഹുസൈൻ, കരൺജിത് സിങ് തുടങ്ങിയ പ്രമുഖ താരങ്ങൾ ഉൾപ്പെടുന്ന ഇന്ത്യൻ ഓൾസ്റ്റാർസിനെ നേരിടും. മാർച്ച് 31, ഏപ്രിൽ 1 തീയതികളിലായി നടക്കുന്ന ദ്വിദിന ഫുട്ബോൾ ഉച്ചകോടിയിൽ ഫിഫ ലോകകപ്പ് ജേതാക്കളുമായുള്ള ശിൽപ്പശാലകൾ, ചർച്ചകൾ, ആശയവിനിമയങ്ങൾ എന്നിവ നടക്കും. ഫാൻകോഡ് ആണ് മത്സരത്തിന്റെ ഔദ്യോഗിക സ്ട്രീമിങ് പങ്കാളി. ബുക്ക്മൈഷോ വഴിയായിരിക്കും ടിക്കറ്റുകളുടെ വിൽപന. ബിസ്‌ലേരി, എസിടി, റേഡിയോ സിറ്റി, എനർസാൽ, ഈസ്മൈട്രിപ്പ്, നിവിയ എന്നിവരാണ് മറ്റു സ്പോൺസർമാർ.



# അയർലണ്ട് സൗത്ത് ഡബ്ലിൻ മേയർ കൊച്ചി നഗരസഭയിൽ

**കൊച്ചി:** അയർലണ്ടിലെ സൗത്ത് ഡബ്ലിൻ കൗണ്ടി കൗൺസിലിൻ മേയറായ ബേബി പെരേപ്പാടൻ, ഡെപ്യൂട്ടി മേയർ അലൻ ഹെയ്സ്, ഉദ്യോഗസ്ഥരായ ജോ ലുമുംബ, മരിയ നുജെന്റ് എന്നിവർ കൊച്ചി നഗരസഭ സന്ദർശിച്ചു. കൊച്ചി മേയറുടെ ക്ഷണം സ്വീകരിച്ച് നഗരത്തിലെത്തിയ മേയർക്കും, മറ്റു പ്രതിനിധികൾക്കും നഗരസഭാ കൗൺസിൽ ഹാളിൽ നൽകിയ സ്വീകരണത്തിൽ ജനപ്രതിനിധികളും, ഉദ്യോഗസ്ഥരുമടക്കം നിരവധിപേർ പങ്കെടുത്തു.അങ്കമാലി നിവാസിയായിരുന്ന ശ്രീ.ബേബി പെരേപ്പാടൻ 2009 ലാണ് അയർലണ്ടിൽ സ്ഥിരതാമസം തുടങ്ങിയത്. 2024 ജൂൺ മാസത്തിലാണ് സൗത്ത് ഡബ്ലിൻ കൗണ്ടി മേയറായി അദ്ദേഹം ചുമതലയേറ്റത്.മേയർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രതിപക്ഷ നേതാവ് അഡ്വ.ആന്റണി കുരീത്തറ, നഗരസഭാ സെക്രട്ടറി പി.എസ് ഷിബു തുടങ്ങിയവർ സംസാരിച്ചു.

# കുസാറ്റിൽ കെയർ 25 രാജ്യാന്തര കോൺഫറൻസ് മാർച്ച് ഇന്നും നാളെയും

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല കാലാവസ്ഥ വ്യതിയാനവും അതിജീവനവും എന്ന വിഷയത്തിൽ മാർച്ച് 24,25 തീയതികളിൽ 'കെയർ 25' രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിക്കുന്നു. കുസാറ്റിലെ അറ്റ്മോസ്ഫെറിക് സയൻസ്, അഡ്വാൻസ്ഡ് സെൻറർ ഫോർ അറ്റ്മോസ്ഫെറിക് റഡാർ റിസർച്ച് എന്നിവയുടേയും ഇന്ത്യൻ മീറ്റിയറോളജിക്കൽ സൊസൈറ്റിയുടേയും സംയുക്താഭിമുഖ്യത്തിലാണ് ഈ ശാസ്ത്ര കോൺഫറൻസ് സംഘടിപ്പിക്കുന്നത്.

സർവകലാശാല വൈസ് ചാൻസലർ ഡോ എം ജുനൈദ് ബുഷിരിയുടെ അധ്യക്ഷതയിൽ കുസാറ്റ് സെമിനാർ കോംപ്ലക്സിൽ വെച്ച് നടക്കുന്ന ചടങ്ങിൽ പത്മശ്രീ ചെറുവയൽ കെ രാമൻ മുഖ്യാതിഥിയാകും. സി.എം.എ ഫ്.ആർ.ഐ. ഡയറക്ടർ ഡോ. ഗ്രീൻസൻ ജോർജ് ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിൽ. കുസാറ്റ് രജിസ്ട്രാർ ഡോ അരുൺ എ യു, കൊച്ചിൻ ഷിപിയാർഡ് ചെയർമാൻ മധു എസ് നായർ, കെയർ ചെയർമാൻ ഡോ അഭിമാഷ്, കെയർ കൺവീനർ പ്രൊഫസർ കെ സതീശൻ എന്നിവർ സംസാരിക്കും.

കാലാവസ്ഥാ വ്യതിയാനം, അനുരൂപീകരണം, കാലാവസ്ഥാ വ്യതിയാന പ്രതിരോധക്ഷമത, ദുരന്ത ലഘൂകരണം തുടങ്ങി ഒട്ടേറെ വിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്ന സമ്മേളനത്തിൽ ശാസ്ത്ര ഗവേഷകർ, നയരൂപീകരണ വിദഗ്ധർ എന്നിവർ പങ്കെടുക്കും.




# അടൂരിൽ പുതിയ ഷോറൂം തുറന്ന് കല്യാൺ ജൂവലേഴ്സ്

**അടൂർ:** കല്യാൺ ജൂവലേഴ്സ് അടൂരിൽ പുതിയ ഷോറൂം തുറന്നു. നടി മംമ്താ മോഹൻദാസ് ഷോറൂമിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.അടൂരിലെ പുതിയ കല്യാൺ ജൂവലേഴ്സ് ഷോറൂമിൻറെ ഉദ്ഘാടനത്തിനായി ഇവിടെ എത്താൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്നും വിശ്വാസം, സുതാര്യത, ഉപഭോക്തൃ ശ്രദ്ധ എന്നീ മൂല്യങ്ങളിൽ ആഴത്തിൽ വേരൂന്നിയ ബ്രാൻഡായ കല്യാൺ ജൂവലേഴ്സിനെ പ്രതിനിധീകരിക്കാൻ കഴിയുന്നത് ഒരു അംഗീകാരമായി കാണുന്നുവെന്നും മംമ്ത മോഹൻദാസ് പറഞ്ഞു.

പുനലൂർ റോഡിൽ ലോകോത്തര നിലവാരത്തിൽ മനോഹരമായി ഒരുക്കിയിരിക്കുന്ന പുതിയ ഷോറൂമിൽ വൈവിധ്യമാർന്ന രൂപകൽപ്പനയിലുള്ള വിപുലമായ ആഭരണശേഖരമാണ് ഒരുക്കിയിരിക്കുന്നതെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. അടൂരിലും പരിസരപ്രദേശത്തുമുള്ള ഞങ്ങളുടെ ഉപഭോക്താക്കൾക്ക് അതിമനോഹരവും സവിശേഷവുമായ ആഭരണ ഡിസൈനുകളുടെ വിപുലമായ ശേഖരം ലഭ്യമാക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

പുതിയ ഷോറൂമിൻറെ ഉദ്ഘാടനത്തോട് അനുബന്ധിച്ച് ആകർഷകമായ ഓഫറുകളുടെ നിരയാണ് കല്യാൺ ജൂവലേഴ്സ് ഉപയോക്താക്കൾക്കായി അവതരിപ്പിക്കുന്നത്. ആഭരണങ്ങൾക്ക് പണിക്കൂലിയിൽ 50 ശതമാനം ഇളവ് ലഭിക്കും. കൂടാതെ അക്ഷയ തൃതീയ പ്രീബുക്കിംഗ് ഓഫർ വഴി ആഭരണങ്ങൾ നേരത്തെ ബുക്ക് ചെയ്ത് സ്വർണ വില വർദ്ധനവിൽ നിന്ന് സംരക്ഷിതരാകാനും സാധിക്കും.കല്യാൺ ജൂവലേഴ്സിൽ വിറ്റഴിക്കുന്ന ആഭരണങ്ങൾ വിവിധതരം ശുദ്ധതാ പരിശോധനകൾക്ക് വിധേയമാക്കുന്നവയും ബിഐഎസ് ഹാൾമാർക്ക് ചെയ്തവയുമാണ്.

ആഭരണങ്ങൾക്കൊപ്പം നാല് തലത്തിലുള്ള അഷ്വറൻസ് സാക്ഷ്യപത്രം ലഭിക്കുന്നതിനാൽ കൈമാറുമ്പോഴോ വിറ്റഴിക്കുമ്പോഴോ ഇൻവോയിസിൽ പറഞ്ഞിരിക്കുന്ന ശുദ്ധിക്ക് അനുസരിച്ചുള്ള മൂല്യം സ്വന്തമാക്കാം. കൂടാതെ കല്യാൺ ജൂവലേഴ്സിൻറെ രാജ്യത്തെ എല്ലാ ഷോറൂമുകളിലും ജീവിതകാലം മുഴുവൻ സൗജന്യമായി ആഭരണങ്ങൾ മെയിൻറനൻസ് നടത്തുന്നതിനും സാധിക്കും.

ഉപയോക്താക്കൾക്ക് ഏറ്റവും മികച്ചത് നല്കുവാനുള്ള ബ്രാൻഡിൻറെ പ്രതിബദ്ധതയുടെ ഭാഗമാണ് ഈ സാക്ഷ്യപത്രമെന്നും അദ്ദേഹം വ്യക്തമാക്കി.



# പുത്തൻതോട് ഗവ. സ്കൂളിന് കസേരകൾ കൈമാറി വിപിഎസ് ലേക്ഷോർ

**കൊച്ചി:** ചെല്ലാനം പുത്തൻതോട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് വിപിഎസ് ലേക്ഷോർ ആശുപത്രി 300 കസേരകൾ സ്കൂളിന് കൈമാറി.ഇരിക്കാൻ ആവശ്യമായ കസേരകൾ ഇല്ലാത്തതിനാൽ കുട്ടികൾ നന്നേ ബുദ്ധിമുട്ടിയിരുന്നു. ഇത്രയും നാൾ ഓഡിറ്റോറിയത്തിലെ പരിപാടികൾ നടക്കുമ്പോൾ ക്ളാസിൽ നിന്ന് ബെഞ്ചുകൾ ചുമന്നുകൊണ്ട് വന്ന് ഇരുന്നായിരുന്നു കുട്ടികൾ പങ്കെടുത്തിരുന്നത്. ഇക്കാര്യം സ്കൂൾ അധികൃതർ വിപിഎസ് ലേക്ഷോർ ആശുപത്രി മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ളയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്നാണ് കസേരകൾ സംഭാവന ചെയ്യാൻ തീരുമാനിച്ചത്. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സ്കൂൾ അധികൃതരും ജനപ്രതിനിധികളും ചേർന്ന് വിപിഎസ് ലേക്ഷോർ സിഇഒ ജയേഷ് വി നായരിൽ നിന്ന് ഔദ്യോഗികമായി കസേരകൾ സ്വീകരിച്ചു. ചെല്ലാനം പഞ്ചായത്ത് പ്രസിഡന്റ് ജോസഫ് കെ എൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. പിറ്റിഎ പ്രസിഡന്റ് ആന്റണി ഷീലൻ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് അംഗം ദീപു കുഞ്ഞുക്കുട്ടി മുഖ്യപ്രഭാഷണം നടത്തി. അജി മാത്യു, ഹെഡ്മിസ്ട്രസ്സ് കെ.വാസന്തി ,സ്റ്റാഫ് സെക്രട്ടറി എൻ. ജയശങ്കർ വിപിഎസ് ലേക്ഷോർ കമ്പനി സെക്രട്ടറി മുരളീധരൻ ആർ പൈ, കോർപറേറ്റ് കമ്യൂണിക്കേഷൻസ് മാനേജർ അനിൽ കുമാർ, ഗ്രാഫിക്സ് ഡിസൈനർ ബ്രിജിൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ കെ സെൽവരാജ്, ഗ്രാമ പഞ്ചായത്ത് അംഗം റോസി പെക്സി, പിറ്റിഎ വൈസ് പ്രസിഡന്റ് സജീവ് ഫ്രാൻസിസ്, എസ്എംസി ചെയർപേഴ്സൻ മേരി ക്രിസ്റ്റഫർ എന്നിവർ പങ്കെടുത്തു.




# കൊച്ചിയിൽ ജോയ്ആലുക്കാസ്; സിഗ്നേച്ചർ ബ്രൈഡൽ ഷോറൂം തുറന്നു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസിന്റെ സിഗ്നേച്ചർ ബ്രൈഡൽ ഷോറൂം കൊച്ചിയിൽ തുറന്നു. എറണാകുളം എംജി റോഡിൽ ആരംഭിച്ച പുതിയ ഷോറൂമിന്റെ ഉദ്ഘാടനം കൊച്ചി മേയർ അഡ്വ. അനിൽകുമാർ എം, ഹൈബി ഈഡൻ എം.പി, ടി ജെ വിനോദ്, എം.എൽ.എ,ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോയ് ആലുക്കാസ് എന്നിവർ ചേർന്നു നിർവ്വഹിച്ചു. ജോളി ജോയ് ആലുക്കാസ് ജോൺ പോൾ ആലുക്കാസ് , ആന്റണി ജോസ്, തോമസ് മാത്യു , മേരി ജോയ് ആലുക്കാസ്, എൽസ ജോയ് ആലുക്കാസ്, കൊച്ചി കോർപറേഷൻ കൗൺസിലർ സുധാ ദിലീപ് എന്നിവർ മുഖ്യാതിഥികളായി.

എക്സ്ക്ലൂസീവ് ബ്രൈഡൽ ഫ്ളോറോടു കൂടി നാല് നിലകളിലായി 15,000 സ്ക്വയർ വിസ്തൃതിയിലാണ ഷോറും ഒരുങ്ങിയിരിക്കുന്നത്. നവവധുക്കൾക്കും ആഭരണപ്രേമികൾക്കുമായി പരമ്പരാഗത ആധുനിക ഡിസൈനുകളിലുള്ള അനുഗ്രഹ ടെമ്പിൾ ജ്വല്ലറി, പ്രൈഡ് ഡയമണ്ട്സ്, എലഗൻസ് പോൾക്കി ഡയമണ്ട്സ്, യുവ എവരിഡേ ആഭരണങ്ങൾ, അപൂർവ ആന്റിക് കളക്ഷൻ, രത്ന പ്രഷ്യസ് സ്റ്റോൺ ആഭരണങ്ങൾ എന്നിവയുടെ മികച്ച കളക്ഷനുകൾ ഈ ഷോറൂമിൽ ലഭ്യമാകുമെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോയ് ആലുക്കാസ് പറഞ്ഞു.

പരമ്പരാഗത ശൈലിയിലുള്ള സ്വർണാഭരണശേഖരങ്ങൾ താഴത്തെ നിലയിലും ഒന്നാം നിലയിൽ ഡയമണ്ട് ആഭരണങ്ങളുടെയും, രണ്ടാം നിലയിൽ പ്രീമിയം ബൈഡൽ ആഭരണങ്ങളുടെയും, മൂന്നാം നിലയിൽ പ്രീമിയം സിൽവർ ആഭരണങ്ങളുടെയും, സ്വർണം കൊണ്ടുള്ള കരകൗശല വസ്തുക്കളുടെയും ശേഖരങ്ങളാണുള്ളത്.ഉദ്ഘാടനത്തോടനുബന്ധിച്ച് അവതരിപ്പിച്ച പരിമിതകാല ഓഫറിൽ 2.5 ശതമാനത്തിൽ ആരംഭിക്കുന്ന പണിക്കൂലിയാണ് വിവാഹാഭരണങ്ങൾക്കുള്ളത്. ഡെയ്ലി വെയർ ചെയിനുകൾക്കും വളകൾക്കും പണിക്കൂലി ഫ്ളാറ്റ് 2.5 ശതമാനം മാത്രം. ജോയ് ആലുക്കാസിന്റെ പുതിയ ഷോറൂമിലാണ് ഈ ഓഫർ ലഭ്യമാകുകയെന്നും അദ്ദേഹം വ്യക്തമാക്കി.

# 101 രൂപയിൽ തുടങ്ങുന്ന പ്ലാനുകളുമായി വി

**കൊച്ചി:** തടസ്സമില്ലാത്ത മാച്ച് സ്ട്രീമിംഗിന് മതിയായ, വേഗമുള്ള ഡാറ്റ ആവശ്യങ്ങൾക്കുമായി വി പുതിയ പ്ലാനുകൾ അവതരിപ്പിച്ചു. വി പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് മികച്ച ഡാറ്റ അനുഭവവും ജിയോഹോട്ട്സ്റ്റാറിന്റെ സൗജന്യ ബണ്ടിൽ സബ്സ്ക്രിപ്ഷനും ഉപയോഗിച്ച് മത്സരങ്ങളിലെ ഓരോ നിമിഷവും ആസ്വദിക്കാനാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഐപിഎൽ സീസണിന് പ്രത്യേകമായി മികച്ച മൂല്യവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്ന 101 രൂപ, 399 രൂപ, 239 രൂപ എന്നീ 3 പുതിയ റീചാർജുകൾ വി അവതരിപ്പിച്ചു.101 രൂപയുടെ റീചാർജ് 5ജിബി ഡാറ്റയ്ക്കൊപ്പം 3 മാസത്തെ ജിയോഹോട്ട്സ്റ്റാർ (മൊബൈൽ) സബ്സ്ക്രിപ്ഷൻ നൽകുന്നു.

399 രൂപയുടെ റീചാർജ് 28 ദിവസത്തേക്ക് അൺലിമിറ്റഡ് കോളുകളും, രാത്രി 12 മുതൽ ഉച്ചക്ക് 12 വരെ അൺലിമിറ്റഡ് ഡാറ്റയും, കൂടാതെ പ്രതിദിനം 2ജിബി അധിക ഡാറ്റയും ജിയോഹോട്ട്സ്റ്റാർ മൊബൈൽ സബ്സ്ക്രിപ്ഷനും നൽകുന്നു.239 രൂപയുടെ റീചാർജ് 28 ദിവസത്തേക്ക് അൺലിമിറ്റഡ് കോളുകളും, 2ജിബി ഡാറ്റയും, ജിയോഹോട്ട്സ്റ്റാർ മൊബൈൽ സബ്സ്ക്രിപ്ഷനും നൽകുന്നു.എല്ലാ റീചാർജ് പായ്ക്കുകളും ജിയോഹോട്ട്സ്റ്റാറിൻറെ മൊബൈൽ സബ്സ്ക്രിപ്ഷൻ മാത്രമാണ് നൽകുന്നത്.വി ആപ്പ്, ০০০.ঙ্যഢശ.ശി വഴിയോ ഈ പ്ലാനുകൾ റീചാർജ് ചെയ്യാവുന്നതാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# സാമ്പത്തിക, വ്യാപാര, നയതന്ത്രങ്ങൾ ശക്തിപ്പെടുത്തി ഇന്ത്യ–ക്യൂബ ബിസിനസ് സമ്മേളനം




**ഡൽഹി:** സാമ്പത്തിക, വ്യാപാര, നയതന്ത്രങ്ങൾ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ഇന്ത്യ-ക്യൂബ ബിസിനസ് സമ്മേളനം ന്യൂഡൽഹിയിൽ നടന്നു. ഇന്ത്യൻ ഇക്കണോമിക് ട്രേഡ് ഓർഗനൈസേഷൻ (ഐഇടിഒ) സംഘടിപ്പിച്ച ഈ പരിപാടിയിൽ ക്യൂബയുടെ ഉപപ്രധാനമന്ത്രി ഡോ. എഡ്വാർഡോ മാർട്ടിനെസ് ഡയസ്, ഇന്ത്യയിലെ ക്യൂബയുടെ അംബാസഡർ ജുവാൻ കാർലോസ് മാർസൻ അഗ്യുലേര, ലാറ്റിൻ അമേരിക്കൻ കരീബിയൻ കൗൺസിലിന്റെ ഗുഡ്‌വിൽ അംബാസഡറായ ഐസിഎൽ ഫിൻകോർപ്പ് ലിമിറ്റഡ് സിഎംഡി അഡ്വ. കെ. ജി. അനിൽ കുമാർ,ഐഇടിഒയുടെ ഗ്ലോബൽ പ്രസിഡന്റ് ഡോ. ആസിഫ് ഇഖ്ബാൽ, ഇന്ത്യാ ഗവൺമെന്റിന്റെ ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിലെ ബയോടെക്നോളജി വകുപ്പിൽ നിന്നുള്ള ഡോ. സഞ്ജയ് മിശ്ര എന്നിവർ ഉൾപ്പെടെ ഇരു രാജ്യങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥർ, ബിസിനസ് നേതാക്കൾ, വ്യവസായ വിദഗ്ദർ എന്നിവർ പങ്കെടുത്തു. ആവശ്യമുള്ള സമയങ്ങളിൽ ക്യൂബയും ഇന്ത്യയും എപ്പോഴും പരസ്പരം നിലകൊണ്ടിട്ടുണ്ടെന്നും നമ്മുടെ രാജ്യങ്ങൾ പുരോഗതി, സുസ്ഥിരത, സമഗ്ര വികസനം എന്നിവയുടെ ദർശനം പങ്കിടുന്നുവെന്നും ക്യൂബയുടെ ഉപപ്രധാനമന്ത്രി ഡോ. എഡ്വാർഡോ മാർട്ടിനെസ് ഡയസ് പറഞ്ഞു. ആരോഗ്യ സംരക്ഷണം, പുനരുപയോഗ ഊർജ്ജം, വ്യാപാരം എന്നീ ഏറ്റവും പ്രധാനപ്പെട്ട മേഖലകളിൽ ആഴത്തിലുള്ള സഹകരണത്തിലേക്കുള്ള ഒരു ചവിട്ടുപടിയാണ് ഈ സമ്മേളനം. ക്യൂബയിൽ സുസ്ഥിര വളർച്ച കൈവരിക്കുന്നതിന് സാങ്കേതികവിദ്യയിലും നിക്ഷേപത്തിലും ഇന്ത്യയുടെ ശക്തി പ്രയോജനപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

ഫാർമസ്യൂട്ടിക്കൽസ്, ബയോടെക്നോളജി, പുനരുപയോഗ ഊർജ്ജം, വിദ്യാഭ്യാസം, വ്യാപാരം തുടങ്ങിയ പ്രധാന മേഖലകളിൽ സഹകരണം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടായിരുന്നു സമ്മേളനം സംഘടിപ്പിച്ചത്. ഇന്ത്യയിലെയും ക്യൂബയിലെയും ബിസിനസുകൾക്ക് വിവിധ മേഖലകളിലെ ശക്തികൾ എങ്ങനെ പരസ്പരം പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള ചർച്ചയായിരുന്നു പരിപാടിയുടെ പ്രധാന ആകർഷണങ്ങളിലൊന്ന്. ഫാർമസ്യൂട്ടിക്കൽ സഹകരണങ്ങൾ പ്രത്യേക താൽപ്പര്യമുള്ളതായിരുന്നു. ക്യൂബയുടെ നൂതന ബയോടെക്നോളജിയിലും വാക്സിൻ ഗവേഷണത്തിലും ഇന്ത്യൻ കമ്പനികൾ താൽപ്പര്യം പ്രകടിപ്പിച്ചു.

